**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1235          11.02.2016-ലെ മറുപടിക്ക്**

**കാസർഗോഡ് വെള്ളരിക്കുണ്ടിലെ ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി ഒടുക്കൽ**

**ചോദ്യം**
**ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)**

**മറുപടി**
**ശ്രീ.അടൂർ പ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ടിലെ പ്രകാശ് പ്ലാന്റേഷന്റെ കൈവശമുള്ള തോട്ടം ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി വാങ്ങുന്നത് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം ഇളവ് നൽകിയ തോട്ടഭൂമി. വ്യാപകമായി മുറിച്ച് വിൽക്കുന്നതായും ആയത് തരം മാറ്റുന്നതുമായ പരാതിയുടെ അടിസ്ഥാനത്തിൽ മുറിച്ച് വിറ്റ് തരം മാറ്റുന്ന തോട്ടഭൂമി പോക്കുവരവ് ചെയ്ത് നൽകരുത് എന്ന് 24/03/2008-ലെ 10654/എൻ1/2008/ റവന്യൂ കത്ത് മുഖേന സെക്രട്ടറി ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി), (സി) & (ഡി) | കർഷകർ നടത്തിയ സമരത്തിൽ, ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിരുന്നു. 08/02/2016-ലെ സ.ഉ.(കൈ) നം.99/2016/റവന്യൂ പ്രകാരം M/s.പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും വില നൽകി വാങ്ങി തരം മാറ്റി കൈവശം വച്ച് വരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി. ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | നികുതി വാങ്ങണമെന്നാവശ്യപ്പെട്ട് കർഷകർ നടത്തിയ സമരത്തിൽ എന്ത് ഉറപ്പാണ് നൽകിയത്; | | |
| (ഡി) | പ്രസ്തുത ഉറപ്പ് ബന്ധപ്പെട്ടവർ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ